നമ്പർ: എ: ‌ (2)/35985/2016/ഡിപിഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി: 25.06.2016

## സർക്കുലർ

വിഷയം:- പൊതു വിദ്യാഭ്യാസം - തസ്തിക നിർണ്ണയം 2016-17 - കുട്ടികളുടെ യു.ഐ.ഡി സഹിതമുള്ള വിവരങ്ങൾ Sixth Working Day 2016 ൽ ലഭ്യമാക്കുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന:- 29.01.2016 ലെ ജി.ഒ (പി) നമ്പർ 29/2016/പൊ.വി.വ.

*****

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മുൻവർഷത്തെപ്പോലെ ഈ വർഷവും തസ്തിക നിർണയം നടത്തുന്നത് കുട്ടികളുടെ യു.ഐ.ഡി സ്ട്രെങ്ക്തിന്റെ അടിസ്ഥാനത്തിൽതന്നെയാണ്. മുഴുവൻ വിദ്യാലയങ്ങളിലും 'സമ്പൂർണ'യിൽ കുട്ടികളുടെ യു.ഐ.ഡി സഹിതമുള്ള വിവരങ്ങൾ ഇതിനകം ചേർത്തിട്ടുണ്ടാകും. എന്നാൽ സമ്പൂർണയിൽ ഇ.ഐ.ഡി ചേർക്കാനുള്ള സൗകര്യം ഇപ്പോൾ നൽകിയിട്ടില്ല. സമ്പൂർണയിലെ വിവരങ്ങൾ മുഴുവൻ ഐ.ടി @ സ്കൂളിന്റെ വെബ്സൈറ്റിലെ (www.itschool.gov.in) Sixth Working Day 2016 -ൽ കൂടി പ്രതിഫലിപ്പിക്കേണ്ടതുണ്ട്. ഇതിന്റെ പ്രിന്റൗട്ട് ഉപയോഗിച്ചാണ് എ.ഇ.ഒ/ഡി.ഇ.ഒ മാർ 2016-17 ലെ തസ്തിക നിർണയം നടത്തേണ്ടത്. ഇതിനായി പ്രഥമാദ്ധ്യാപകർ താഴെപറയുന്ന കാര്യങ്ങൾ അടിയന്തരമായി ചെയ്യേണ്ടതാണ്.

1. സമ്പൂർണയിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ കുട്ടികളുടെ യു.ഐ.ഡി ഉൾപ്പെടെയുള്ള വിവരങ്ങൾ ശരിയായി രേഖപ്പെടുത്തിയിട്ടുണ്ട് എന്ന കാര്യം പരിശോധിച്ച് ഉറപ്പാക്കുക.
2. തുടർന്ന് ഐ.ടി @ സ്കൂളിന്റെ വെബ്സൈറ്റിൽ ലഭ്യമായിട്ടുള്ള Sixth Working Day 2016 എന്ന ലിങ്കിൽ ലോഗിൻ ചെയ്യുക. സ്കൂളിന്റെ Sixth Working Day Statement ദൃശ്യമാകും. ഇതിലെ മെനുവിലെ Synchronice with Sampoorna എന്ന മെനുവിൽ ക്ലിക്ക് ചെയ്താൽ സമ്പൂർണയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ എല്ലാം Sixth Working Day Statement ൽ ചേർക്കപ്പെടും.
3. Sixth Working Day Statement ൽ ഓരോ ക്ലാസിലെയും കുട്ടികളുടെ യു.ഐ.ഡി അടക്കമുള്ള വിവരങ്ങൾ പരിശോധിച്ച് ഒന്നുകൂടി ഉറപ്പുവരുത്തുക. യു.ഐ.ഡി ഇല്ലാത്ത കുട്ടികളുടെ ഇ.ഐ.ഡിയും (28 അക്കങ്ങൾ) എന്റർ ചെയ്യണം.
4. 30.6.2016 വൈകീട്ട് 5 മണിക്കുമുമ്പ് മേൽപറഞ്ഞ പ്രവർത്തനങ്ങളെല്ലാം പ്രഥമാദ്ധ്യാപകർ പൂർത്തീകരിക്കേണ്ടതാണ്. ജൂലൈ 1 മുതൽ ഇതിനുള്ള വെബ്സൈറ്റ് ലഭ്യമാകുന്നതല്ല.

5. സംശയങ്ങളുണ്ടായാൽ സൈറ്റിലെ ഹോം പേജിലുള്ള Help മെനുവിൽ ക്ലിക്ക് ചെയ്താൽ വിശദമായ User Manual ലഭിക്കുന്നതാണ്.
6. വിടുതൽ സർട്ടിഫിക്കറ്റ് വഴിയോ അല്ലാതെയോ ഒരു സ്കൂളിൽ ചേരുന്ന കുട്ടിയുടെ യു.ഐ.ഡി സമ്പൂർണയിൽ ചേർക്കാൻ കഴിയുന്നില്ല എന്ന് നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. കുട്ടി മുൻപ് പഠിച്ചിരുന്ന സ്കൂളിൽ നിന്ന് യു.ഐ.ഡി ട്രാൻസ്ഫർ ചെയ്യാത്തതാണ് ഇതിനുള്ള കാരണം. പ്രഥമാദ്ധ്യാപകരുടെ ഇത്തരം പ്രവൃത്തികൾ ഗുരുതരമായ അച്ചടക്ക നടപടികൾ ക്ഷണിച്ചുവരുത്തുന്നതാണ്. <u>കുട്ടി ഏത് സ്കൂളിലാണോ പഠിക്കുന്നത് അവിടെത്തന്നെ കുട്ടിയുടെ യു.ഐ.ഡി യും ഉണ്ടാകണം.</u> യു.ഐ.ഡി ട്രാൻസ്ഫർ ചെയ്യാത്ത കേസുകൾ ഇനി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പ്രഥമാദ്ധ്യാപകനെതിരെ കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.
7. 2016-17 ലെ തസ്തിക നിർണയത്തിന് എ.ഇ.ഒ/ഡി.ഇ.ഒ ഓഫീസുകളിൽ നൽകേണ്ട പ്രിന്റൗട്ടുകളെ സംബന്ധിച്ച വിശദമായ അറിയിപ്പ് പിന്നീട് നൽകുന്നതാണ്.

30.06.2016 നുമുമ്പ് പ്രഥമാദ്ധ്യാപകർ മേൽപറഞ്ഞ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തണം.

**കെ.വി.മോഹൻകുമാർ ഐ.എ.എസ്**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ (ഇൻചാർജ്)**

സ്വീകർത്താക്കൾ:

1. സംസ്ഥാനത്തെ എല്ലാ സ്കൂൾ പ്രഥമാദ്ധ്യാപകർക്കും (എ.ഇ.ഒ/ഡി.ഇ.ഒ മുഖാന്തിരം)
2. എല്ലാ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പ്രഥമാദ്ധ്യാപകർക്ക് ഈ സർക്കുലർ ലഭിച്ചുവെന്ന് എ.ഇഒ/ഡി.ഇ.ഒ മാർ ഉറപ്പുവരുത്തേണ്ടതും, പ്രഥമാദ്ധ്യാപകരുടെ അടിയന്തരയോഗം വിളിച്ചുചേർത്ത് ആവശ്യമായ വിശദീകരണം നൽകേണ്ടതുമാണ് )
3. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.
4. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിനും)
5. പകർപ്പ് / കരുതൽ ഫയൽ.